## മേയ്പിന്റെ നിർവചനവും അടിയന്തര ആവശ്യവും

**I. ആട്ടിൻകൂട്ടത്തിന് സർവവും ഉൾക്കൊള്ളുന്ന ആർദ്രമായ പരിചരണം നൽകുകയാണ് മേയ്പിന്റെ അർഥം; ആടുകളുടെ എല്ലാ ആവശ്യങ്ങളും പരിപാലിക്കുക എന്നതാണ് മേയ്പ് സൂചിപ്പിക്കുന്നത്**

**II. മേയ്പിന്റെ രണ്ട് അടിസ്ഥാന മൂലകങ്ങൾ പരിലാളനവും പരിപോഷണവുമാണ്**

- മേയ്ക്കുക എന്നാൽ ആശ്വസിപ്പിക്കുകയും, സാന്ത്വനിപ്പിക്കുകയും, ആർദ്രമായ സ്നേഹത്തോടെ പോറ്റുകയും, ആർദ്രമായ കരുതലോടെ വളർത്തുകയും ചെയ്യുന്നതാണ്

**III. ഇന്ന് കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ മേയ്പിന്റെ അടിയന്തര ആവശ്യമുണ്ട്**

- നമ്മുടെ ഇടയിലെ ഏറ്റവും വലിയ പോരായ്മ മേയ്പിന്റെ കാര്യത്തിലാണ്
- തന്റെ ജൈവിക രക്ഷയിൽ, പിതാവായ ദൈവം ആദ്യം നമ്മെ ആത്മാവായ ദൈവത്താൽ വീണ്ടും ജനിപ്പിക്കുന്നു, അതിനുശേഷം നാം നിത്യതയോളം അവന്റെ ജീവനിൽ നിലനിൽക്കുകയും വളരുകയും ചെയ്യേണ്ടതിന് നമ്മുടെ ഇടയനെന്ന നിലയിൽ പുത്രനായ ദൈവത്തിൽ നമ്മെ മേയ്ക്കുന്നു
- നാം അന്യോന്യം മേയ്ക്കുകയും മേയ്ക്കപ്പെടുകയും ചെയ്യുന്ന ആടുകളും ഇടയന്മാരുമാണ്; ഈ മേയ്പിലൂടെ, സഭ ക്രിസ്തുവിന്റെ ശരീരമായി പണിയപ്പെടുന്നു
- നാം ക്രിസ്തുവിനാൽ എത്രത്തോളം സംരചിക്കപ്പെടുന്നുവോ അത്രത്തോളം നാം സ്വതേ ഒരു മേയ്പിൻ ജീവിതം നയിക്കുകയും മറ്റുള്ളവരെ കരുതാനുള്ള ഭാരം ഉണ്ടായിരിക്കുകയും ചെയ്യും
- നമ്മുടെ ആളത്തത്തിൽ ക്രിസ്തുവിനാൽ സംരചിക്കപ്പെട്ടിരിക്കുന്ന ഭാഗമാണ് മറ്റുള്ളവരെ മേയ്ക്കുന്ന ഭാഗം. നമുക്ക് ആരെയും മേയ്ക്കുവാൻ കഴിയില്ല; നമ്മിലേക്ക് സംരചിക്കപ്പെട്ട ക്രിസ്തുവാണ് ഇടയൻ
- നമ്മുടെ പിതാവായ ദൈവത്തിന്റെ സ്നേഹവും ആർദ്രതയും നിറഞ്ഞ ഹൃദയത്തിനും, നമ്മുടെ രക്ഷകനായ ക്രിസ്തുവിന്റെ അന്വേഷിക്കുകയും മേയ്ക്കുകയും ചെയ്യുന്ന ആത്മാവിനും ഒത്തവണ്ണം നാം ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയ്ക്കണം

## ക്രിസ്തുവാണ് യഥാർത്ഥ ഇടയൻ

**IV. ക്രിസ്തു നല്ല ഇടയനും, മഹാ ഇടയനും, മുഖ്യ ഇടയനും, നമ്മുടെ ദേഹികളുടെ ഇടയനുമാണ്**

- നല്ല ഇടയനായി, നമുക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധമായി ഉണ്ടാകുവാനും കർത്താവായ യേശു വന്നു
  - അവൻ തന്റെ ആടുകളെ ആലയിൽനിന്ന് പുറത്തുകൊണ്ടുവന്ന് പോറ്റുന്നിടമായ, മേച്ചിൽപ്പുറമായ, തന്നിലേക്കുതന്നെ അവരെ നയിക്കുന്നു
- "നിത്യ ഉടമ്പടിയുടെ രക്തത്തിൽ, ആടുകളുടെ മഹാ ഇടയനായ, നമ്മുടെ കർത്താവായ യേശുവിനെ" ദൈവം മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചിരിക്കുന്നു
- മുഖ്യ ഇടയനെന്ന നിലയിൽ, ക്രിസ്തു സഭകളിലെ മൂപ്പന്മാരിലൂടെ തന്റെ ആട്ടിൻകൂട്ടത്തെ മേയ്ക്കുന്നു
- നമ്മുടെ ദേഹികളുടെ ഇടയനെന്ന നിലയിൽ, ശ്വാസമായ ക്രിസ്തു നമ്മുടെ ആന്തരിക ആളത്തത്തിന്റെ അവസ്ഥയെ കരുതിക്കൊണ്ട് നമ്മുടെ ആന്തരിക അവസ്ഥയ്ക്കു മേൽനോട്ടം വഹിക്കുന്നു

## ദൈവത്തിനൊത്തവണ്ണം മേയ്ക്കുക എന്നതിന്റെ അർഥം

**V. "ദൈവത്തിനൊത്തവണ്ണം... ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയ്ക്കുവിൻ"**

**ദൈവത്തിനൊത്തവണ്ണം മേയ്ക്കുക എന്നാൽ:**

- നാം ദൈവത്തെ ജീവിക്കുന്നു എന്നാണ്
- നാം ദൈവത്തോട് ഒന്നാകുമ്പോൾ, ദൈവത്വത്തിലല്ല, ജീവനിലും സ്വഭാവത്തിലും നാം ദൈവമായിത്തീരുന്നു, കൂടാതെ മറ്റുള്ളവരെ മേയ്ക്കുന്നതിൽ നാം ദൈവമാകുന്നു എന്നാണ്
- നമ്മുടെ മുൻഗണനയ്ക്കും താൽപര്യത്തിനും ഉദ്ദേശ്യത്തിനും സഹജസ്വഭാവത്തിനും ഒത്തവണ്ണമല്ല, ദൈവത്തിന്റെ സ്വഭാവത്തിനും ആഗ്രഹത്തിനും മാർഗത്തിനും തേജസ്സിനും ഒത്തവണ്ണം മേയ്ക്കുക എന്നാണ്
- തന്റെ സദ്ഗുണങ്ങളിൽ ദൈവം താൻ ആയിരിക്കുന്നതിനൊത്തവണ്ണം മേയ്ക്കുക എന്നാണ്
- നാം ജീവനിലും, സ്വഭാവത്തിലും, ആവിഷ്കാരത്തിലും, പ്രവർത്തനത്തിലും ദൈവമായിത്തീരുക എന്നാണ്
  - ദിവ്യജീവന്റെ ആകെത്തുകയായിത്തീരുന്നതിന്, ത്രിയേക ദൈവത്തെ ആസ്വദിച്ചുകൊണ്ട്, നാം ദിവ്യജീവനാൽ വക്കോളം നിറയണം
  - സ്നേഹം, വെളിച്ചം, നീതി, വിശുദ്ധി എന്നീ സദ്ഗുണങ്ങളിൽ നാം ദൈവമായിത്തീരണം
  - നമ്മുടെ മേയ്പിൽ നമ്മുടെ സ്വയത്തെ അതിന്റെ സഹജസ്വഭാവത്തോടും പ്രത്യേകതകളോടുംകൂടെ ആവിഷ്കരിക്കാതെ ദൈവത്തെ ആവിഷ്കരിക്കരിക്കണം
- നാം ദൈവത്തോട് ഒന്നായിത്തീരണം
  - ദിവ്യ ജീവനും മനുഷ്യജീവനും ഒന്നായി ചേർന്ന് ഒരു ജീവനും ഒരു ജീവിതവും ആയിത്തീരണമെന്ന് ദൈവം ആഗ്രഹിക്കുന്നു
- നാം ദൈവത്താൽ സംരചിക്കപ്പെടേണ്ടതുണ്ട്
  - ദൈവത്വത്തിലല്ല, ജീവനിലും സ്വഭാവത്തിലും ദൈവത്തെപോലെയാകുവാൻ നമ്മെ ഇടയാക്കുന്നതിന്, ദിവ്യ ആളത്തം എന്ന നിലയിൽ തന്റെ മൂലകംകൊണ്ട് ദൈവം നമ്മെ നിവേശിപ്പിക്കുന്നു
- ദൈവത്തെ ജീവിക്കുന്നവർ ആകണം
  - നമ്മുടെ മനുഷ്യത്വത്തിൽ ദൈവത്തെ ജീവിക്കുവാൻ കഴിയേണ്ടതിന് നാം ദിവ്യ ജീവനിലും ദിവ്യ സ്വഭാവത്തിലും പങ്കാളികളാകുന്നു
- നാം ദൈവത്തെ പ്രതിനിധീകരിക്കുകയും പ്രവർത്തിക്കുന്ന ദൈവമെന്ന നിലയിൽ പ്രവർത്തിക്കുകയും വേണം
  - യഹോവ മോശെയെ "ഫറവോന് ദൈവമാക്കി";
  - ശമൂവേലിന്റെ ജീവിതവും വേലയും ദൈവത്തിന്റെ ഹൃദയത്തിലുള്ളത് നടപ്പിലാക്കുന്നതിനായിരുന്നു
  - ദൈവപുരുഷനെന്ന നിലയിൽ എലീശാ പ്രവാചകൻ തന്റെ ശുശ്രൂഷയിൽ ദൈവത്തിന്റെ പ്രതിനിധിയെന്ന നിലയിൽ, പ്രവർത്തിക്കുന്ന ദൈവമെന്ന നിലയിൽ പെരുമാറി;
  - ഇന്ന് ക്രിസ്തുവിലുള്ള വിശ്വാസികളായ നമുക്കും അങ്ങനെതന്നെ ആയിരിക്കുവാൻ കഴിയും
- മറ്റുള്ളവർക്ക് ദൈവത്തെ ശുശ്രൂഷിക്കുക എന്നാണ്
  - നാം അന്യോന്യം ദൈവത്തെ ശുശ്രൂഷിക്കണമെങ്കിൽ, നമ്മുടെ ആളത്തത്തിലേക്ക് പണിതുചേർക്കപ്പെട്ട പ്രക്രിയാവിധേയനായ ദൈവത്തെ ശുശ്രൂഷിച്ചുകൊണ്ട്, കൃപയുടെയും സത്യത്തിന്റെയും ആത്മാവിന്റെയും ജീവന്റെയും വാക്കുകൾ നാം സംസാരിക്കണം